പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

13-03-2018-ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2993

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം | | ഡോ. കെ.ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
| (എ) | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലാളികൾക്ക് ഇപ്പോൾ നൽകുന്ന കൂലി എത്ര രൂപയാണ്; എത്ര തൊഴിൽ ദിനങ്ങളാണ് ഓരോ വർഷവും ഇവർക്ക് നൽകി വരുന്നത്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലെടുക്കുന്ന അവിദഗ്ധ തൊഴിലാളികളുടെ പ്രതിദിന വേതനം 258/-രൂപയാണ്. 2016-17 സാമ്പത്തിക വർഷം ഒരു കുടുംബ ത്തിന് നൽകിയ ശരാശരി തൊഴിൽദിനങ്ങൾ 47 ആണ്. ഈ സാമ്പത്തിക വർഷം ഇതുവരെ ശരാശരി 40 തൊഴിൽദിനങ്ങൾ ഒരു കുടുംബത്തിന് നൽകി യിട്ടുണ്ട്. |
| (ബി) | എന്തൊക്കെ പ്രവൃത്തികളാണ് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഇപ്പോൾ ചെയ്യു ന്നത്; വേനൽ കടുക്കുന്ന സാഹചര്യത്തിൽ ജലസ്രോതസ്സു കളുടെ അഭിവൃദ്ധിപ്പെടുത്തൽ, പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയില്ലേ; വ്യക്തമാക്കുമോ; | (ബി) | പരിഷ്കരിച്ച തൊഴിലുറപ്പ് നിയമപ്രകാരം പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ, സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ (മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ പട്ടിക I ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് മാത്രം), ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾ അനുസരിക്കുന്ന സ്വയംസഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യ ങ്ങൾ, ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങ ളുടെ നിർമ്മാണം എന്നീ പ്രവൃത്തികൾക്കാണ് മുൻതൂക്കം നൽകിയിട്ടുള്ളത്.<br><br>വേനൽ കടുക്കുന്ന സാഹചര്യത്തിൽ പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പ്രവൃത്തി കളിൽ പൊതു ഉടമസ്ഥതയിലുള്ള ജലസേചന കുളങ്ങളുടെയും മറ്റ് പൊതു ജലസ്രോതസ്സു കളുടെയും ആഴംകൂട്ടൽ ഉൾപ്പെടെയുള്ള പരമ്പ രാഗത ജലസ്രോതസ്സുകളുടെ പുന:രുദ്ധാരണ |

| | | | |
|---|---|---|---|
| | | | വുമായി ബന്ധപ്പെട്ട പ്രവൃത്തികൾ സംസ്ഥാനത്തിന്റെ എല്ലാ ജില്ലകളിലും ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലയിലെ എല്ലാ പൊതു ജലസ്രോതസ്സുകളെയും നവീകരിക്കുന്നതിനും പുനഃരുദ്ധരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ സ്വകാര്യ കുളങ്ങളുടെ നിർമ്മാണം, കിണർ റീചാർജ്ജിംഗ്, വനവൽക്കരണ പ്രവർത്തനങ്ങൾ, കയർഭൂവസ്ത്രം ഉപയോഗിച്ചുള്ള മണ്ണ്, ജലസംരക്ഷണ പ്രവൃത്തികൾ എന്നിവയും തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കി വരുന്നു. |
| (സി) | പ്രസ്തുത പദ്ധതിയിലെ തൊഴിലാളികൾക്ക് വിതരണം ചെയ്യുന്ന കൂലി വർദ്ധിപ്പിക്കാനും തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ? | (സി) | തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്ക് കൂലി നിശ്ചയിക്കുന്നത് കേന്ദ്രസർക്കാരാണ്. തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതൽ തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടി സംസ്ഥാനത്ത് ഘട്ടംഘട്ടമായി എല്ലാ ഗ്രാമപഞ്ചായത്തുകളിലേയും നിലവിലുള്ള നീർത്തട മാസ്റ്റർപ്ലാനുകൾ പരിഷ്കരിച്ച് മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾക്ക് പ്രാധാന്യം നൽകി കൂടുതൽ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ ഹരിതകേരളം പദ്ധതിയുമായി ബന്ധപ്പെട്ട് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 2 കോടി വൃക്ഷതൈകൾ ഉത്പാദിപ്പിച്ച് നട്ട് പരിപാലിക്കുന്നതിലൂടെ കൂടുതൽ തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ